No- 57/Est/2017

"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
Tele FAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം. ഡിബി3/6512(ബി)/13/സിഇ/തസ്വഭവ

തീയതി : 11.05.2017

## സർക്കുലർ

വിഷയം:- Benificiary Committee വർക്കുകളുടെ OH Charge -സംബന്ധിച്ച്

സൂചന:- സർക്കുലർ നം. ഡിബി3/6512(ബി)/13/സിഇ/തസ്വഭവ
തീയതി. 29.12.2016

MoRD Specifications പ്രകാരം വിവിധ റോഡ് പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജായി യഥാക്രമം 10%, 15%, 20% എന്നിങ്ങനെയാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ ഇതേ ഓവർ ഹെഡ് ചാർജ്ജുകൾ തന്നെയാണ് PRICE Software- ൽ Benificiary Committee പ്രവൃത്തികൾക്കും ടെണ്ടർ പ്രവൃത്തികൾക്കും നൽകിയിരുന്നത്. തുടർന്ന് Benificiary Committee പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജ് 7.5 % ആയി നിജപ്പെടുത്തണമെന്ന് സർക്കാർ നിർദ്ദേശം ലഭ്യമായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ MoRD Specifications ഉപയോഗിച്ച് Benificiary Committee പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഓവർ ഹെഡ് ചാർജ്ജായി 7.5% തുക മാത്രമേ അനുവദനീയമായിട്ടുള്ളൂ. ആയതിനാൽ ഈ സർക്കുലർ തീയതി മുതൽ PRICE Software–ൽ Benificiary Committee പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജ് 7.5% ആയി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ MORTH Specifications-ന് Benificiary Committee നിരക്കുകൾ PRICE Software–ൽ ലഭ്യമാക്കിയിട്ടില്ല എന്നുള്ള വിവരം കൂടി അറിയിക്കുന്നു.

PRICE Software–ൽ ചീഫ് എഞ്ചിനീയറുടെ login–ൽ ഉള്ള LAC–ADS എസ്റ്റിമേറ്റുകൾ തിരികെ നൽകുന്നതിനായി അതത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, PRICE Software-ലെ Estimate ID-യും ഭരണാനുമതി ലഭ്യമായതിന്റെ പകർപ്പ് സഹിതം pricelsgd@gmail.com എന്ന ID–യിലേയ്ക്ക് mail അയയ്ക്കേണ്ടതാണ്.

ചീഫ് എൻജിനീയർ

Sd/-